പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2192 **27-10-2026-ൽ മറുപടിയ്ക്ക്**

കുന്ദമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനവും പോലീസ് സംവിധാനം ശക്തിപ്പെടുത്തലും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ പോലീസ് സ്റ്റേഷന് കീഴിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി പോലീസ് ഉദ്യോഗസ്ഥർക്കായി ക്വാർട്ടേഴ്സ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉദ്യോഗസ്ഥർ നേരിടുന്ന താമസസൗകര്യവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി പോലീസ് ഉദ്യോഗസ്ഥർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം സംസ്ഥാന പോലീസ് മേധാവി പരിശോധിച്ചു വരുന്നു.

(ബി) പന്തീരങ്കാവ് പോലീസ് സ്റ്റേഷന്റെ നവീകരണാർത്ഥം പുതിയ സ്ഥലം ഏറ്റെടുക്കൽ, പുതിയ കെട്ടിടം നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ;

മറുപടി: 22.06.2021 തീയതിയിലെ G.O.(Rt) No.1733/2021/Home പ്രകാരം കോഴിക്കോട് സിറ്റി പോലീസ് ജില്ലയിലെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമാണത്തിന് 610 ലക്ഷം രൂപയുടെ ഭരണാനുമതി സംസ്ഥാന പദ്ധതി 2021-22 ൽ സർക്കാർ അനുവദിച്ചിരുന്നു. ആദ്യഘട്ട നിർമാണത്തിന് കൊടൽ ദേശം, പന്തീരാങ്കാവ് ഗ്രാമത്തിലെ 25 സെന്റ് സ്ഥലം നിർദേശിച്ചിരുന്നതിൽ CRZ അനുമതി ലഭ്യമല്ലാതിരുന്നതിനാൽ നിർമാണ നടപടികൾ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന്, 13.01.2026-ന് CRZ അനുമതി ലഭിച്ചതിനാൽ PWD പുതുക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗുകളും എസ്റ്റിമേറ്റും തയ്യാറാക്കി വരികയാണ്. അവ ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂവാട്ടുപറമ്പ് കേന്ദ്രീകരിച്ച് പുതിയ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ അപര്യാപ്തത ഔദ്യോഗിക പ്രവർത്തനങ്ങളെയും പട്രോളിങ്ങിനെയും ഗുരുതരമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പുതിയ വാഹനങ്ങൾ അനുവദിക്കുന്നത് ഉൾപ്പെടെയുള്ള അടിയന്തര ഇടപെടലുകൾ നടത്തുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

മറുപടി: കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ രണ്ട് വകുപ്പുതല വാഹനങ്ങളും മാവൂർ പോലീസ് സ്റ്റേഷനിൽ ഒരു വാഹനവുമാണ് നിലവിലുള്ളത്. മാവൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എസ്.എച്ച്.ഒ. സ്റ്റേഷനായി മാറിയതിനെത്തുടർന്ന്, അവിടെ ഇൻസ്പെക്ടർ ഉപയോഗിച്ചിരുന്ന വാഹനം സ്പെഷ്യൽ യൂണിറ്റിലേക്ക് മാറ്റി നിയമിക്കപ്പെട്ട ഇൻസ്പെക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ 390 ഇൻസ്പെക്ടർമാരെ പോലീസ് സ്റ്റേഷനുകളിൽ നിന്ന് സർക്കിൾ ഓഫീസുകളിലേക്കും മറ്റ് സ്പെഷ്യൽ യൂണിറ്റുകളിലേക്കും മാറ്റി നിയമിച്ചതു മൂലം ഉണ്ടായ 390 വാഹനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി പുതിയ വാഹനങ്ങൾ വാങ്ങാനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ